(ജി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി യഥാസമയം തന്നെ ഭരണാനുമതി നൽകി പ്രവൃത്തികൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം കൊണ്ടും മോശം കാലാവസ്ഥ കൊണ്ടും പണികൾ നടപ്പിലാക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. എന്നാൽ, ഇപ്പോൾ പ്രസ്തുത പ്രശ്നങ്ങളെല്ലാം പരിഹരിച്ച് മിക്ക സ്ഥലത്തും പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

റോഡുകളുടെ പുനരുദ്ധാരണം

355 (1413) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കായംകുളം അസംബ്ലി മണ്ഡലത്തിൽ ഏതൊക്കെ റോഡുകളുടെ പുനരുദ്ധാരണത്തിനാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) അനുബന്ധം -1-ൽ പറഞ്ഞ പ്രവർത്തികളിൽ അനുബന്ധം 11-ൽ* പറയുന്ന പ്രവർത്തികൾ ഒഴികെ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ 2015 മാർച്ച് 31-നകം പൂർത്തീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓട്ടാഫീസ് കടവ്-കാവനാൽക്കടവ് പാലങ്ങളുടെ പണി

356 (1414) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടാഫീസ് കടവ്, കാവനാൽക്കടവ് എന്നീ പാലങ്ങളുടെ കരാറുകാരൻ പണികൾ വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly